**പതിനാലാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

**ഒൻപതാമത് റിപ്പോർട്ട്**

(2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## ഒൻപതാമത് റിപ്പോർട്ട്

(2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ]

8/2019.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷ :

ശ്രീമതി പി. അയിഷാ പോറ്റി.

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ് പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയ തനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഒൻപതാം കേരള നിയമസഭ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി 1992 ജൂലൈ 27-ാം തീയതി രൂപീകരിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അധികാര പരിധിയിൽ 1999 ജൂലൈയിൽ വികലാംഗരുടെ ക്ഷേമവും കൂടി ഉൾപ്പെടുത്തുകയുണ്ടായി. 2018 ജൂൺ 24-ാം തീയതിയിലെ വിജ്ഞാപന പ്രകാരം ട്രാൻസ്ജെന്ററുകളുമായി ബന്ധപ്പെട്ട വിഷയം കൂടി സമിതിയുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തുകയും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും ഭിന്നശേഷിക്കാരും നേരിടുന്ന പീഡനങ്ങളും ചൂഷണങ്ങളും സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിഗണിച്ച് ഫലപ്രദമായ ഇടപെടലുകൾ നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അവരുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കുന്ന ക്ഷേമപദ്ധതികളുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക, അനാഥരായ സ്ത്രീകൾ, കുട്ടികൾ, അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ തുടങ്ങിയവരുടെ സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശിപാർശകളും സർക്കാരിന് സമർപ്പിക്കുക തുടങ്ങിയവ സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

സമിതി 2018 ഒക്ടോബർ 16-ാം തീയതി കൊല്ലം ജില്ലാ കളക്ടറേറ്റിലും 2018 നവംബർ 15-ാം തീയതി കോഴിക്കോട് ജില്ലാ കളക്ടറേറ്റിലും യോഗം ചേരുകയും കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്ന് സമിതിയ്ക്ക് ലഭിച്ച പരാതികൾ സംബന്ധിച്ച് പരാതിക്കാരിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും

തെളിവെടുപ്പ് നടത്തുകയും തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രസ്തുത ജില്ലകളിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, ആഫ്റ്റർ കെയർ ഹോം, മഹിളാമന്ദിരം, വൃദ്ധ മന്ദിരം എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

പ്രസ്തുത തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും സന്ദർശനങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 7.

# റിപ്പോർട്ട്

പാർലമെന്ററി ജനാധിപത്യത്തിൽ നിയമനിർമ്മാണസഭ അതിന്റെ പൂർണ്ണതയിലെത്തുന്നത് നിയമസഭാ സമിതികളിലൂടെയാണ്. തങ്ങൾക്ക് ഏല്പിച്ച തന്നിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് ആഴത്തിൽ പഠിക്കുന്നതിനും ശിപാർശകൾ സമർപ്പിക്കുന്നതിനുമുള്ള അധികാരം വിവിധ നിയമസഭാ സമിതികൾക്കുണ്ട്. 'മിനിയേച്ചർ സഭ' എന്ന നിലയിൽ പ്രവർത്തിക്കുന്നതിനാൽ നിയമസഭയുടെ മിക്കവാറും എല്ലാ അവകാശങ്ങളും പരിരക്ഷയും നിയമസഭാ സമിതികൾക്കും നല്കപ്പെട്ടിട്ടുണ്ട്. ഭരണ നിർവ്വഹണത്തിൽ ആവശ്യമായ തിരുത്തൽ നിർദ്ദേശങ്ങൾ നല്കുന്നതുവഴി പൗരാവകാശങ്ങളുടെ മേലുള്ള ബ്യൂറോക്രസിയുടെ കൈകടത്തലിനെ നിയന്ത്രിക്കുവാനും നിയമസഭാ സമിതികൾക്ക് കഴിയുന്നു.

2. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും അവകാശങ്ങൾ നേടിക്കൊടുക്കുന്നതും അവർ നേരിടുന്ന നീതി നിഷേധങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ വഴി ശക്തമായ നടപടികളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുക എന്നതും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പ്രധാനപ്പെട്ട കർത്തവ്യങ്ങളിൽപ്പെടുന്നു.

3. സമൂഹത്തിലെ ഒട്ടുമിക്ക മേഖലകളിലും ചൂഷണം നേരിടുന്ന വിഭാഗമാണ് സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും ഭിന്നശേഷിക്കാരും. അവരുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്തുന്നതിനോടൊപ്പം കൈത്താങ്ങ് ആവശ്യമുള്ള ഈ വിഭാഗങ്ങളുടെ ഉന്നമനമാണ് സമിതി ലക്ഷ്യമിടുന്നത്. ഇവർക്കായി സാമൂഹ്യനീതി വകുപ്പുവഴി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അഗതികൾ, വൃദ്ധജനങ്ങൾ, വിധവകൾ, ഭിന്നശേഷിക്കാർ, ബുദ്ധിമാന്ദ്യമുള്ളവർ എന്നിങ്ങനെ ജീവിതത്തിൽ ഒറ്റപ്പെട്ടു പോയവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ച് തുല്യനീതി ഉറപ്പാക്കുന്നതിൽ സാമൂഹ്യനീതി വകുപ്പിന്റെ സ്ഥാപനങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രവരെ വിജയിക്കുന്നു എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായാണ് സമിതി കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലെ ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, ആഫ്റ്റർ കെയർ ഹോം, മഹിളാമന്ദിരം, വൃദ്ധമന്ദിരം എന്നിവ നേരിട്ട് സന്ദർശിച്ചത്. പ്രസ്തുത സന്ദർശനങ്ങളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

8/2019.

## ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം

4. 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട്, 2016-ലെ ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾ എന്നിവ നിഷ്കർഷിക്കുന്ന പ്രകാരം വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ കൊല്ലത്ത് പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോം, ഗവൺമെന്റ് ഒബ്സർവേഷൻ ഹോം എന്നിവ 1972-ലാണ് പ്രവർത്തനം ആരംഭിച്ചത്.

5. ബാലനീതി നിയമപ്രകാരം ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെയാണ് ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിക്കുന്നത്. അനാഥർ, ശിഥിലമായ കുടുംബബന്ധങ്ങൾമൂലം അശരണരായവർ, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ മാത്രമുള്ളവരും അവരെക്കൊണ്ടു മാത്രം സംരക്ഷിക്കാൻ കഴിയാത്തവരുമായ കുട്ടികൾ, നിത്യരോഗികളായ മാതാപിതാക്കളുടെ കുട്ടികൾ, പീഡനത്തിനു വിധേയരായവർ, ബാലഭിക്ഷാടനം/ബാലവേല എന്നിവയിൽ നിന്ന് രക്ഷപ്പെടുത്തപ്പെട്ടവർ, ദുരന്തംമൂലം ഒറ്റപ്പെട്ടവർ, ഒളിച്ചോടുന്നവർ, അലഞ്ഞു നടക്കുന്നവർ എന്നിങ്ങനെയുള്ള കുട്ടികളെയാണ് ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിക്കുന്നത്. 18 വയസ്സിൽ താഴെയുള്ള ഇത്തരം കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുന്നിൽ ഹാജരാക്കിയതിനുശേഷം കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിക്കുന്നത്.

6. കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമിൽ 100 പേർക്കുള്ള താമസസൗകര്യമുണ്ടെന്നും നിലവിൽ പഴയ ബ്ലോക്കിലാണ് കുട്ടികളെ പാർപ്പിച്ചിരിക്കുന്നതെങ്കിലും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തിയായെന്നും സമിതി മനസ്സിലാക്കുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്ററുടെ സേവനം, വിവിധ വിഷയങ്ങളിൽ ട്യൂഷൻ എന്നിവ നൽകി വരുന്നതായും സ്ഥാപനത്തിലെ 5 കുട്ടികൾ ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷന്റെ ഭാഗമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കുന്നതായും സമിതി മനസ്സിലാക്കി. സ്ഥലപരിമിതിമൂലം കുട്ടികൾക്ക് കായിക പരിശീലനം നൽകുവാൻ സാധ്യമാകുന്നില്ല എങ്കിലും കുട്ടികളെ മറ്റ് സ്ഥലങ്ങളിലെത്തിച്ച് ഫുട്ബോൾ ഇനത്തിൽ പരിശീലനം നൽകുന്നുണ്ടെന്ന് സമിതിയ്ക്ക് വ്യക്തമായി.

7. ചിൽഡ്രൻസ് ഹോമിലെ അന്തേവാസിയായ ഒരു കുട്ടിക്ക് പ്രമുഖ ഫുട്ബോൾ ക്ലബ്ബായ സ്പെയിനിലെ റയൽ മാഡ്രിഡിൽ 20 ദിവസത്തെ ഫുട്ബോൾ പരിശീലനത്തിന് അവസരം ലഭിച്ചിരിക്കുന്നതായും അതിന് ചെലവുവരുന്ന പത്തുലക്ഷം രൂപയിൽ ഏഴര ലക്ഷം രൂപ ഐ.സി.പി.എസ്. (Integrated Child Protection Scheme) മുഖേന അനുവദിച്ചുവെന്നും ബാക്കി തുക സ്ഥാപനം തന്നെ ശേഖരിച്ചതായും സമിതി മനസ്സിലാക്കി. രാജ്യത്ത് ആദ്യമായിട്ടായിരിക്കാം ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഒരു കുട്ടി വിദേശത്ത്

ഫുട്ബോൾ പരിശീലനത്തിന് പങ്കെടുക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ഇക്കാര്യത്തിൽ സജീവമായി ഇടപെട്ട് സഹായിച്ച ഉദ്യോഗസ്ഥരെ ഹാർദ്ദമായി അഭിനന്ദിക്കുകയുണ്ടായി

8. തികച്ചും ദാരുണമായ സാഹചര്യങ്ങളിൽ നിന്നും പ്രതികൂല ചുറ്റുപാടുകളിൽ നിന്നും എത്തപ്പെട്ടവരാണ് ചിൽഡ്രൻസ് ഹോമിലെ കുട്ടികൾ. അവർക്ക് സ്വാഭാവികമായുണ്ടാകാവുന്ന നൈരാശ്യബോധം മാറ്റി എടുക്കുന്നതിനും ജീവിതത്തെ നെഞ്ചുറപ്പോടെ നേരിടുന്നതിനും ഊർജ്ജസ്വലത പകരുന്നതിനും കായിക പരിശീലനം തീർച്ചയായും ഉപകരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>നിലവിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ഷട്ടിൽ ബാഡ്മിന്റൺ, ചെസ്, കാരംസ് എന്നിവ പോലുള്ള കായികയിനങ്ങളിൽ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

9. ചിൽഡ്രൻസ് ഹോമിൽ 10 വയസ്സു മുതൽ 18 വയസ്സു വരെയുള്ള 61 കുട്ടികളുണ്ടെന്നും ഇവരിലാരെയെങ്കിലും ആശുപത്രിയിൽ കിടത്തേണ്ട സാഹചര്യമുണ്ടായാൽ കൂട്ടിരിപ്പിന് ആളെ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും സ്ഥാപനത്തിൽ രണ്ടു കെയർടേക്കർമാരുടെ ഒഴിവ് നിലനില്ക്കുന്നതായും സമിതി മനസ്സിലാക്കി. ചിൽഡ്രൻസ് ഹോമിലെ അന്തേവാസിയായ 10 വയസ്സുള്ള ഒരു കുട്ടിക്ക് ശസ്ത്രക്രിയയെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 32 ദിവസം കിടത്തി ചികിത്സ വേണ്ടിവന്നുവെന്നും അപ്പോഴൊക്കെ നിലവിലുള്ള ജീവനക്കാർ തന്നെയാണ് സഹായികളായി നിന്നതെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടു. രാത്രി ഡ്യൂട്ടി ഉൾപ്പെടെ നിർവ്വഹിക്കേണ്ടതിനാൽ കെയർ ടേക്കർമാരുടെ എണ്ണത്തിലുള്ള കുറവ് നിലവിലുള്ളവരുടെ ജോലിഭാരം വർദ്ധിപ്പിക്കുമെന്നത് കുട്ടികൾക്ക് ആവശ്യമായ പരിചരണം ലഭിക്കുന്നതിന് തടസ്സമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>ചിൽഡ്രൻസ് ഹോമിലെ കെയർടേക്കർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

10. ചിൽഡ്രൻസ് ഹോമിൽ നിന്നും 2018-ൽ 4 കുട്ടികൾ ഒളിച്ചോടിപ്പോയതായും 3 പേരെ ദിവസങ്ങൾക്കുശേഷം പോലീസ് കണ്ടെത്തിയതായും ഒരാളെ ഇപ്പോഴും കണ്ടെത്താനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മതിയായ സുരക്ഷാ ജീവനക്കാരുടെ അഭാവമാണ് ഇത്തരം സംഭവങ്ങൾക്ക് ഇടയാക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും എത്തിപ്പെടുന്ന കുട്ടികളിൽ അക്രമവാസനയുള്ളവരും ഉണ്ടാകാമെന്നതിനാൽ സ്ഥാപനത്തിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെ നോക്കുന്നതിനായി എല്ലാ അന്തേവാസികളെയും കൃത്യമായും നിരന്തരമായും നിരീക്ഷിക്കേണ്ടതുണ്ടെന്നും അതിന് മതിയായ സുരക്ഷാ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ടെന്നും സമിതി

വിലയിരുത്തുന്നു. ആയതിനാൽ എല്ലാ ചിൽഡ്രൻസ് ഹോമുകളിലും സി.സി.ടി.വി. ഏർപ്പെടുത്തണമെന്നും മതിയായ സുരക്ഷാ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. കുട്ടികളുടെ മാനസികോല്ലാസത്തിനായി ആഴ്ചതോറും ലഘുയാത്രകൾ സംഘടിപ്പിക്കുന്നതിനും വാർഷിക വിനോദയാത്രയ്ക്കും വേണ്ടി തുക അനുവദിച്ചുവരുന്നതായി നിരീക്ഷിച്ച സമിതി, ആയത് കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ഒരു പുതിയ ജീവിതത്തിനും ഉത്തേജനമേകുമെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ കുട്ടികളുടെ മാനസികോല്ലാസത്തിനും പൊതുവിജ്ഞാനം, പ്രായോഗികപരിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിനും ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിവിടങ്ങളിൽ റേഡിയോ, ടെലിവിഷൻ എന്നിവ ഏർപ്പെടുത്തണമെന്നും മതിയായ സുരക്ഷയോടെ കുട്ടികൾക്കായി വിനോദയാത്രകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. പഠനം മുടങ്ങിനില്ക്കുന്ന കുട്ടികൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൊബൈൽ ഫോൺ റിപ്പയറിംഗ്, പ്ലംബിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ പഠിക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ചിൽഡ്രൻസ് ഹോമിൽ നിന്ന് കാലാവധി പൂർത്തിയായി പുറത്തിറങ്ങുമ്പോൾ ആരേയും ആശ്രയിക്കാതെ ജീവിക്കുവാൻ പ്രാപ്തരാകത്തക്കവിധം കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രാവീണ്യം നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. കുട്ടികൾക്ക് യോഗ പരിശീലനം, കായിക പരിശീലനം, കൗൺസലിംഗ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം, വിദ്യാർത്ഥികൾക്ക് ട്യൂഷൻ തുടങ്ങിയവ നിലവിൽ നൽകിവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സേവനങ്ങൾ തുടർന്നും കാര്യക്ഷമമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ഗവ. ഒബ്സർവേഷൻ ഹോം, കൊല്ലം

14. ഒബ്സർവേഷൻ ഹോമിലെ കുട്ടികൾ കുറ്റവാസന ഉള്ളവരായതിനാലും ചിൽഡ്രൻസ് ഹോമിലെ കുട്ടികളും ഒബ്സർവേഷൻ ഹോമിലെ കുട്ടികളും വ്യത്യസ്ത കെട്ടിടങ്ങളിലാണെങ്കിലും ഒരേ കോമ്പൗണ്ടിലാണെന്നതിനാലും സഹവാസംമൂലം ചിൽഡ്രൻസ് ഹോമിലെ കുട്ടികളിലും പലപ്പോഴും കുറ്റവാസന ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് സമിതി കരുതുന്നു. ഒബ്സർവേഷൻ ഹോമിലുള്ള കുട്ടികളെ നിശ്ചിത കാലാവധിക്കുശേഷം വീട്ടുകാർ തിരിച്ച് വീടുകളിലേയ്ക്ക് കൊണ്ടുപോയില്ലെങ്കിൽ അവരെ ചിൽഡ്രൻസ് ഹോമിൽ താമസിപ്പിക്കേണ്ടിവരുന്നതായി മനസ്സിലാക്കിയ സമിതി ഇത്തരത്തിൽ വീട്ടുകാർ

കൊണ്ടുപോകാത്തതുമൂലം രണ്ടുതവണ ആത്മഹത്യാശ്രമം നടത്തിയ അന്തേവാസിയെ നേരിട്ട് കാണുകയുണ്ടായി. കൂടാതെ ADHD(Attention Deficit Hyperactivity Disorder) പോലുള്ള മാനസിക വൈകല്യമുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം താമസിപ്പിക്കേണ്ടിവരുന്നതായും തന്മൂലം പല സ്വഭാവ വൈകല്യങ്ങളും മറ്റു കുട്ടികളിലേയ്ക്കും വ്യാപിക്കാൻ സാധ്യതയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സ്വഭാവ വൈകല്യങ്ങളും മാനസിക പ്രശ്നങ്ങളും ഉള്ള കുട്ടികൾക്ക് പ്രത്യേക പരിചരണവും തുടർ ചികിത്സയും ആവശ്യമായതിനാൽ അവർക്കായി പ്രത്യേക ഹോം ആരംഭിച്ച് വിദഗ്ദ്ധ ചികിത്സയും പരിരക്ഷയും നൽകണമെന്നും ഇതിനായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള സൈക്കോളജിസ്റ്റുകളെ കൂടുതലായി നിയമിച്ച് അത്തരം കുട്ടികൾക്ക് കൃത്യമായ കൗൺസലിംഗ് നൽകി മാനസിക പ്രശ്നങ്ങൾ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ഒരേ മതിൽക്കെട്ടിനകത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജില്ലയിലെ ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും. ചിലപ്പോഴെങ്കിലും രണ്ടിടത്തേയും കുട്ടികളുടെ പരിചരണ കാര്യങ്ങൾ ഒരേ ജീവനക്കാർ നോക്കിനടത്തേണ്ടി വരുന്നു. 18 വയസ്സു വരെയുള്ള കുട്ടികളെ പാർപ്പിക്കുന്ന ചിൽഡ്രൻസ് ഹോമിൽ കെയർ ടേക്കർമാരായി സ്ത്രീ ജീവനക്കാരാണുള്ളത്. എന്നാൽ ഒബ്സർവേഷൻ ഹോമിൽ എത്തിപ്പെടുന്ന മുതിർന്ന കുട്ടികളെ പരിചരിക്കുന്നതിനും ശ്രദ്ധിക്കുന്നതിനും സ്ത്രീ ജീവനക്കാർക്ക് പരിമിതികളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒബ്സർവേഷൻ ഹോമിൽ കെയർ ടേക്കർമാരായി പുരുഷന്മാരെക്കൂടി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ആരാധനാലയങ്ങളുടെ പരിസരത്ത് ബാലഭിക്ഷാടനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് തടയുന്നതിനായി പ്രമുഖ ആരാധനാലയങ്ങൾ ഉള്ള പത്തനംതിട്ട ജില്ലയിൽ ആവിഷ്കരിച്ച പദ്ധതിയാണ് ശരണബാല്യം പദ്ധതി. കൊല്ലം ജില്ലയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 'ശരണബാല്യം' പദ്ധതി ആവിഷ്കരിച്ചതിനുശേഷം തെരുവിൽ ഭിക്ഷാടനം നടത്തിയിരുന്ന 2 ഇതര സംസ്ഥാന കുട്ടികൾ ഉൾപ്പെടെ 23 കുട്ടികളെ രക്ഷിച്ചതായി ചർച്ചയിൽ സമിതിക്ക് വ്യക്തമായി.

17. ഒരു കുരുന്നു ബാല്യവും ബാലഭിക്ഷാടനത്തിലേയ്ക്ക് വലിച്ചെറിയപ്പെടരുത്. നിർഭാഗ്യവശാൽ ബാലഭിക്ഷാടനത്തിൽ അകപ്പെട്ടു പോകുന്ന പിഞ്ചു ബാല്യങ്ങളെ കണ്ടെത്തി രക്ഷിക്കുന്നതിനും സംരക്ഷണം നൽകുന്നതിനും ഉപയുക്തമാകുന്നതിലേയ്ക്കായി 'ശരണബാല്യം' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മഹിളാ മന്ദിരം, കൊല്ലം

18. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കൊല്ലം മഹിളാ മന്ദിരം സന്ദർശിച്ച സമിതി, സ്ഥാപനത്തിൽ നിലവിൽ 19 അന്തേവാസികളുണ്ടെന്നും 50 പേരെ താമസിപ്പിക്കുന്നതിനുള്ള അനുമതി ഉണ്ടെന്നും സ്ഥാപനത്തിൽ നേരിട്ടും ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, പോലീസ് എന്നിവ മുഖേനയും അന്തേവാസികൾ എത്തുന്നുണ്ടെന്നും മനസ്സിലാക്കി. മഹിളാ മന്ദിരത്തിലെ താമസക്കാരായ വനിതകൾക്ക് തയ്യൽപരിശീലനം, ബാഗ് നിർമ്മാണത്തിനുള്ള പരിശീലനം എന്നിവ നൽകുന്നതിനുള്ള സൗകര്യം സമിതി നേരിൽ കണ്ട് വിലയിരുത്തി.

19. മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് തുടർ പഠനത്തിനും തൊഴിൽ പരിശീലനത്തിനും അവസരങ്ങളുണ്ടെന്ന് സമിതി വിലയിരുത്തുന്നു. തുടർ പഠനം ആഗ്രഹിക്കുന്ന താമസക്കാരെ ആഫ്റ്റർ കെയർ ഹോമുകളിലേയ്ക്ക് മാറ്റാറുള്ളതായും നിലവിൽ 4 പേരൊഴികെയുള്ളവരെല്ലാം പഠിക്കുന്നതായും അവരിൽ 2 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് നൽകിവരുന്ന തയ്യൽ പരിശീലനം, സഞ്ചി, ബാഗ്, ചവിട്ടി, ലോഷൻ, വാഷിംഗ് പൗഡർ, സോപ്പ് മുതലായവ നിർമ്മിക്കുന്നതിനുള്ള പരിശീലനം എന്നിവ ഇവിടുത്തെ താമസത്തിനുശേഷവും തുടർ ജീവിതത്തിനുള്ള ആത്മവിശ്വാസം നല്കുന്നതിനും ഒരു വരുമാനം ലഭിക്കുന്നതിനും അന്തേവാസികളെ സഹായിക്കുമെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഇതിനായി തുടർച്ചയായി അധ്യാപകരെ ലഭിക്കുന്നില്ലെന്നും 6 മാസത്തേയ്ക്ക് കരാറടിസ്ഥാനത്തിലാണ് അധ്യാപികയെ നിയമിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. <u>തൊഴിൽ പരിശീലനം അന്തേവാസികൾക്ക് വളരെയധികം ഉപയോഗപ്രദമായതിനാൽ അന്തേവാസികളുടെ എണ്ണത്തിനും അഭിരുചിക്കും ആനുപാതികമായി തൊഴിൽ പരിശീലനം നൽകുന്നതിന് കരാറടിസ്ഥാനത്തിൽ ആവശ്യമായ പരിശീലകരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

20. ജീവനക്കാരും അന്തേവാസികളും വനിതകൾ മാത്രമുള്ള മഹിളാമന്ദിരത്തിൽ സുരക്ഷാ ജീവനക്കാരില്ലെന്നത് സമിതി ആശങ്കയോടെ വീക്ഷിക്കുന്നു. സ്ഥാപനത്തിനോട് തൊട്ടുചേർന്നുതന്നെ കെട്ടിട നിർമ്മാണത്തിനായി ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ നിരവധിയാളുകൾ പണിയെടുക്കുന്നുണ്ട് എന്നുള്ളത് സുരക്ഷാ സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നതായി സമിതി വിലയിരുത്തി. സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി <u>മഹിളാമന്ദിരത്തിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനും സുരക്ഷാ ജീവനക്കാരെ നിയോഗിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

21. തെരുവിൽ അന്തിയുറങ്ങുന്ന സ്ത്രീകളെയും കുട്ടികളെയും താമസിപ്പിക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ മുൻകൈ എടുത്ത് നിർമ്മിക്കുന്ന നൈറ്റ് ഷെൽട്ടറിൽ 10 പേർക്കുള്ള താമസസൗകര്യമാണ് ഏർപ്പെടുത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തെരുവോരങ്ങളിൽ ഉറങ്ങുന്ന കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കത്തക്കവിധം നൈറ്റ് ഷെൽട്ടറിന്റെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ കഴിയുന്നത്രവേഗം പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റ് വൃദ്ധമന്ദിരം, കോഴിക്കോട്

22. കോഴിക്കോട് ജില്ലയിലെ വൃദ്ധമന്ദിരം 14-12-1998-ൽ ആണ് സ്ഥാപിതമായത്. ഈ സ്ഥാപനത്തിൽ 83 വയോജനങ്ങൾ താമസിക്കുന്നു. മാസത്തിൽ 5 ദിവസം അലോപ്പതി, ഹോമിയോ ഡോക്ടർമാരുടെ സേവനവും ഒരു ദിവസം മാനസിക രോഗവിദഗ്ദ്ധന്റെ സേവനവും മിക്കവാറും ദിവസങ്ങളിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസറുടെ സേവനവും അന്തേവാസികൾക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് കോർപ്പറേഷന് കൈമാറിയ സ്ഥാപനത്തിലെ അടിസ്ഥാന വികസനങ്ങൾക്ക് കോർപ്പറേഷൻ മുഖേനയും അന്തേവാസികളുടെ ക്ഷേമത്തിനായുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് മുഖേനയും സ്വീകരിച്ചുവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കി. സാമൂഹ്യനീതി വകുപ്പും ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് ഗവൺമെന്റ് വൃദ്ധമന്ദിരങ്ങളിൽ നടപ്പിലാക്കിയ 'സൈക്കോ സോഷ്യൽകെയര്' പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കോഴിക്കോട് വൃദ്ധമന്ദിരത്തിൽ തുടങ്ങിയതിലുള്ള ആഹ്ലാദം സമിതി പ്രകടിപ്പിച്ചു. വയോധികരുടെ മാനസിക ശാരീരിക ഉല്ലാസത്തിനായി മാസത്തിൽ ഒരു ദിവസം മ്യൂസിക് തെറാപ്പി പ്രോഗ്രാം നടത്തുന്നതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തി. വൃദ്ധമന്ദിരത്തിന്റെ പ്രവർത്തനം പൊതുവിൽ തൃപ്തികരമാണെന്ന് സമിതി വിലയിരുത്തി.

23. അന്തേവാസികളിൽ ജീവിതശൈലീ രോഗങ്ങളും മറ്റ് ശാരീരിക മാനസിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരുണ്ടെന്ന് സമിതിക്ക് മനസ്സിലായി. ആയതിനാൽ രോഗചികിത്സയ്ക്കായി അലോപ്പതി ഡോക്ടറുടെ സേവനം മാസത്തിൽ 5 ദിവസം എന്നതിനുപകരം ആഴ്ചയിൽ 3 ദിവസമെങ്കിലും ലഭ്യമാക്കണമെന്നും വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് കോഴിക്കോട് മെഡിക്കൽ കോളേജുമായി ചേർന്ന് അതിനുള്ള സൗകര്യമൊരുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ രണ്ടാഴ്ചയിലൊരിക്കലെങ്കിലും മാനസികരോഗ വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കണമെന്നുംസമിതി നിർദ്ദേശിക്കുന്നു.

24. വയോജനങ്ങൾക്ക് പലപ്പോഴും അടിയന്തര ചികിത്സ ലഭ്യമാക്കേണ്ട സാഹചര്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 24 മണിക്കൂറും ചികിത്സ ലഭ്യമാക്കുന്നതിനായി Dr. on call duty സമ്പ്രദായത്തിൽ ഒരു ഡോക്ടറെ നിയമിക്കണ

മെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ അടിയന്തര വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും ആംബുലൻസ് സംവിധാനം ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

25. തിരക്കേറിയ ആധുനിക ലോകത്ത് ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട വയോജനങ്ങൾക്ക് മാനസിക ഉല്ലാസം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് അന്തേവാസികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനുവേണ്ടി വൃദ്ധ മന്ദിരത്തിൽ മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്ന വിനോദ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ചിൽഡ്രൻസ് ഹോമിലെ കുട്ടികളെയും വയോജനങ്ങളെയും ഒന്നിച്ച് ചേർത്ത് വിവിധ വിനോദ പരിപാടികളും യാത്രകളും സംഘടിപ്പിച്ചാൽ വയോജനങ്ങളുടെ ഏകാന്ത ദുഃഖത്തിന് പരിഹാരം കാണാനും കുട്ടികൾക്ക് സന്തോഷം പകരാനും സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

26. തവനൂരിലെ വൃദ്ധ സദനത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് ഇവിടെ എത്തിയ ദമ്പതിമാരുമായി ആശയവിനിമയം നടത്തിയ സമിതിയോട് ഇരുകൈകൾക്കും സ്വാധീനമില്ലാത്ത ഭർത്താവിനെ ശുശ്രൂഷിക്കുന്നതിന് ഡോർമിറ്ററി സംവിധാനത്തിന് പകരമായി തങ്ങൾക്ക് പ്രത്യേക മുറി അനുവദിക്കണമെന്ന് അവർ അഭ്യർത്ഥിക്കുകയുണ്ടായി. ഇത്തരം കേസുകൾ പ്രത്യേക പരിഗണന അർഹിക്കുന്നതായി നിരീക്ഷിച്ച സമിതി പ്രായോഗിക സമീപനത്തിൽ അധിഷ്ഠിതമായ പരിഹാരമാർഗ്ഗങ്ങളാണ് ഇത്തരം കാര്യങ്ങളിൽ ഉരുത്തിരിയേണ്ടത് എന്ന് അഭിപ്രായപ്പെടുകയും ഇക്കാര്യത്തിൽ ഉചിതമായ പരിഹാര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

### ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കോഴിക്കോട്

27. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ കോഴിക്കോട് വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് എന്നീ സ്ഥാപനങ്ങൾ സമിതി സന്ദർശിക്കുകയുണ്ടായി. 2015 ജെ.ജെ. ആക്ടും, 2016 ജെ.ജെ. മോഡൽ റൂളുകളും നിഷ്കർഷിക്കുന്ന പ്രകാരമാണ് പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും രണ്ടു സ്ഥാപനങ്ങളിലെയും പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ പരമാവധി എണ്ണം 100 ആണെങ്കിലും ഗേൾസ് ഹോമിൽ 129 കുട്ടികളും ബോയ്സ് ഹോമിൽ 44 കുട്ടികളും താമസിച്ചുവരുന്നതായും സമിതി മനസ്സിലാക്കി. ഐ.സി.പി.എസ്. മുഖേന മെയിന്റനൻസ് തുകയായി ഒരു കുട്ടിക്ക് പ്രതിമാസം 2000 രൂപ വീതം നൽകുന്നുണ്ടെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു.

28. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്ററുടെ സേവനം, വിവിധ വിഷയങ്ങളിൽ ട്യൂഷൻ എന്നിവ നൽകിവരുന്നതായും കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുന്നതിനും കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനും കലാ - കായിക, യോഗ പരിശീലകരെ സ്ഥാപനത്തിൽ നിയോഗിച്ച് വരുന്നതായും സമിതി മനസ്സിലാക്കി. കൂടാതെ കുട്ടികളുടെ മാനസിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൗൺസലറുടെ സേവനവും സൈക്കോളജിക്കൽ അസസ്മെന്റ് നടത്തുന്നതിനുവേണ്ടി സൈക്കോളജിസ്റ്റുമാരുടെ സേവനവും സ്ഥാപനത്തിൽ ലഭ്യമാക്കുന്നുണ്ടെന്ന് സന്ദർശനത്തിലൂടെ സമിതിക്ക് ബോദ്ധ്യപ്പെട്ടു. പഠനം മുടങ്ങി നിൽക്കുന്ന കുട്ടികൾക്ക് മൊബൈൽഫോൺ റിപ്പയറിംഗ്, കംപ്യൂട്ടർ കോഴ്സുകൾ, പ്ലംബിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നുണ്ടെന്ന് സമിതിക്ക് മനസ്സിലായി.

29. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം പ്രവർത്തിക്കുന്നത് വിശാലമായ വളപ്പിലാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥലസൗകര്യം പച്ചക്കറി കൃഷിക്കും മറ്റു കൃഷികൾക്കും ഉപയോഗിക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കൃഷി വകുപ്പുമായി ചേർന്ന് <u>ചിൽഡ്രൻസ് ഹോമിന്റെ വളപ്പ് ജൈവ പച്ചക്കറി കൃഷിക്കും മറ്റു കാർഷികവിളകളുടെ ഉല്പാദനത്തിനും ഉപയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു പുത്തൻ കാർഷിക സംസ്കാരം ഭാവിതലമുറയിൽ വളർത്തിയെടുക്കുവാനും വിഷരഹിത കൃഷിയുടെ പ്രാധാന്യം കുട്ടികളെ ബോദ്ധ്യപ്പെടുത്തുന്നതിനും ഉതകും വിധത്തിൽ കുട്ടികളെ കൃഷി രീതികൾ പരിചയപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

30. ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ വളരുന്ന കുട്ടികൾക്ക് രക്ഷകർത്താക്കളുടെ കരുതലും സ്നേഹവും ലഭിക്കാത്തതുകൊണ്ട് ചിലപ്പോഴെങ്കിലും പഠനത്തിൽ പിന്നാക്കം പോകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് അവസരം നൽകുന്നതിനായി സ്ഥാപനങ്ങളുടെ സമീപത്തുള്ള കോളേജുകളിൽ പ്ലസ് ടു ഡിഗ്രി തുടങ്ങിയ കോഴ്സുകളിൽ പ്രവേശനത്തിന് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

31. പഠനം മുടങ്ങിപ്പോയ കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ സാമൂഹ്യനീതി വകുപ്പ് നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇങ്ങനെ <u>തൊഴിലധിഷ്ഠിത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ ചിൽഡ്രൻസ് ഹോമിലെ അന്തേവാസികൾക്ക് തൊഴിലവസരങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ഗവൺമെന്റ് മഹിളാമന്ദിരം, കോഴിക്കോട്

32. കോഴിക്കോട് മഹിളാ മന്ദിരം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ സംരക്ഷിക്കാവുന്നവരുടെ പരമാവധി എണ്ണം 50 ആണെങ്കിലും നിലവിൽ 24 സ്ത്രീകളും ഒരു കുട്ടിയും മാത്രമാണ് താമസിച്ചു വരുന്നത്. 18-നും 60-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ, അമ്മമാരോടൊപ്പം വരുന്ന 5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ എന്നിവർക്കാണ് ഇവിടെ പ്രവേശനം നല്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പോലീസ്, കോടതി എന്നിവ മുഖേന വരുന്ന സ്ത്രീകളും അവരുടെ ആറ് വയസ്സിന് താഴെയുള്ള കുട്ടികളും, ഗാർഹിക പീഡനത്തിന് ഇരയായവരും, നേരിട്ട് സംരക്ഷണം ആവശ്യപ്പെടുന്നവരും കൂടാതെ കോഴിക്കോട് ആഫ്റ്റർ കെയർ ഹോമിൽ നിന്നും 18 വയസ്സിന് ശേഷമുള്ള പെൺകുട്ടികളെ തുടർപഠനത്തിനും സംരക്ഷണത്തിനുമായും ഇവിടെ പ്രവേശിപ്പിക്കാറുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

33. സി-സ്റ്റെഡിന്റെ (ദി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രന്യൂവർഷിപ്പ് ഡെവലപ്മെന്റ്) ആഭിമുഖ്യത്തിൽ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്ന സോപ്പ് ആന്റ് ഡിറ്റർജന്റ് യൂണിറ്റ്, ഒരുമ സ്റ്റേഷനറി യൂണിറ്റ്, ഖാദി ബോർഡിന്റെ കീഴിലുള്ള ചർക്ക യൂണിറ്റ് എന്നിവ സമിതി സന്ദർശിച്ചു. സ്ഥാപനത്തിൽ പുറത്തുപോയി ജോലി ചെയ്യുന്നവരും പഠിക്കുന്നവരുമുണ്ടെന്നും റീഹാബിലിറ്റേഷന്റെ ഭാഗമായി അന്തേവാസികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതായും സമിതി മനസ്സിലാക്കി. താമസക്കാരുടെ സംരക്ഷണത്തിനാവശ്യമായ ഫണ്ട് യഥാസമയം സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ അന്തേവാസികൾ പൊതുവെ സംതൃപ്തരാണെന്നും സമിതി വിലയിരുത്തി. എന്നാൽ അന്തേവാസികൾക്ക് ഭക്ഷണം പാകം ചെയ്തു നൽകുന്ന കുക്കിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മഹിളാ മന്ദിരത്തിലെ കുക്കിന്റെ ഒഴിവ് എത്രയും വേഗം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ച 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സുരക്ഷിത താമസം ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് SOS മോഡൽ ഷെൽട്ടർ ഹോം ആരംഭിച്ചതായും പ്രസ്തുത ഷെൽട്ടറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിൽനിന്നുള്ളവരെ പാർപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ വടക്കൻ ജില്ലകളിലെ കുട്ടികൾക്കും ഇത്തരമൊരു സൗകര്യം ലഭ്യമാക്കേണ്ടതുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ച 12 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി കോഴിക്കോട് ജില്ലയിൽ SOS മോഡൽ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ക്രൂരമായ ശാരീരിക മാനസിക പീഢനങ്ങൾ അതിജീവിച്ച വരുന്ന സ്ത്രീകളും കുട്ടികളും വളരെയധികം മാനസിക സംഘർഷങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്. അവർക്ക് അടിയന്തര സുരക്ഷിത താവളം ഒരുക്കുന്നതു കൂടാതെ വൈദ്യസഹായം, പോലീസ് പരിരക്ഷ, നിയമസഹായം, കൗൺസലിംഗ് എന്നിവയെല്ലാം യഥാസമയം നൽകേണ്ടതുണ്ട്. മേൽപ്പറഞ്ഞ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി പരിക്ഷീണരായ അവരെ പല കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും കൊണ്ടുപോകുന്നത് അപ്രായോഗിക മാണെന്നു മാത്രമല്ല, ആശാസ്യവുമല്ല. തങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസലിംഗ്, പോലീസ് സഹായം, വീഡിയോ കോൺഫറൻസിംഗിനുള്ള സൗകര്യം, നിയമ സഹായം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് 'സഖി' വൺ സ്റ്റോപ്പ് സെന്റർ എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത സെന്റർ തിരുവനന്തപുരം ഉൾപ്പെടെയുള്ള ചില ജില്ലകളിൽ മാത്രമാണ് പ്രവർത്തന സജ്ജമായിട്ടുള്ളത് എന്ന് ഉദ്യോഗസ്ഥരുമായുള്ള ചർച്ചാവേളയിൽ സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ആയതിനാൽ <u>തങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ അതിജീവിച്ച് എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത അഭയം ഉൾപ്പെടെ ആവശ്യമായ സഹായങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സഖി' വൺ സ്റ്റോപ്പ് സെന്റർ എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

36. സാമൂഹ്യ ചട്ടക്കൂട്ടുകളുമായി പൊരുത്തപ്പെടാതെ കേസുകളിൽ ഉൾപ്പെടുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യം വച്ചുകൊണ്ട് കുട്ടികളുടെ മാനസിക, സാമൂഹ്യ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ബാംഗ്ലൂർ നിംഹാൻസും വനിതാ ശിശുവികസന വകുപ്പും ചേർന്ന് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'കാവൽ' പദ്ധതി. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അവശ്യം വേണ്ടുന്ന എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനായി <u>'കാവൽ' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

37. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെയും നിരാലംബരുടെയും ആശ്രയ കേന്ദ്രങ്ങളാണ് ചിൽഡ്രൻസ് ഹോം, മഹിളാ മന്ദിരം, വൃദ്ധ സദനം തുടങ്ങിയ സ്ഥാപനങ്ങൾ. അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടേണ്ടത് അശരണർക്ക് പ്രത്യാശാ

നിർഭരമായ ജീവിതം തുടരേണ്ടതിന് അനിവാര്യമാണ്. സമിതിയുടെ കൊല്ലം, കോഴിക്കോട് സന്ദർശന വേളയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള പ്രസ്തുത സ്ഥാപനങ്ങൾ വളരെ മികച്ച രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നതെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. അന്തേവാസികൾക്ക് കൈത്താങ്ങായി സ്ഥാപനങ്ങളിലെ ജീവനക്കാർ എപ്പോഴും കൂടെയുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. എങ്കിലും അവലംബമില്ലാത്തവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുണ്ടാകുന്നതിനും ഭാവി ജീവിതം സുരക്ഷിതമാക്കുന്നതിനും വയോജനങ്ങൾ ശിഷ്ടജീവിതം സന്തോഷപ്രദമായി ചെലവഴിക്കുന്നതിനുംവേണ്ടി കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും സഹായകമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2018 ഡിസംബർ 7.

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.